# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ:229

06.11.2019-ലെ മറുപടി

## നഗരങ്ങളിലെ കുടിവെള്ള പദ്ധതി വിപുലീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>,, മുല്ലക്കര രത്നാകരൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, മുഹമ്മദ് മുഹസിൻ പി. | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ ലോൺ ഉപയോഗിച്ച് തിരുവനന്തപുരം, എറണാകുളം നഗരങ്ങളിലെ കുടിവെള്ള പദ്ധതികൾ വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കാമോ ; | (എ) | ഉണ്ട്; ജലവിഭവ വകുപ്പ് എക്സിക്യൂട്ടീങ് ഏജൻസിയായും കേരള വാട്ടർ അതോറിറ്റി ഇംപ്ലിമെന്റിംഗ് ഏജൻസിയായും ആണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി ചെലവിന്റെ 70% ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ ലോൺ ആയും 30% കേരള സംസ്ഥാനത്തിന്റെ വിഹിതമായും ആണ് വകയിരുത്തിയിരിക്കുന്നത്. ADB യുടെ സഹായമായി 1750 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 750 കോടി രൂപയുമാണ് മൊത്തമായി ഉദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ എ.ഡി.ബി ധനസഹായമായി 875 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 375 കോടി രൂപയുമാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) | കേരളവാട്ടർ അതോറിറ്റി കോടികൾ മുടക്കി പണി പൂർത്തീകരിച്ച അരുവിക്കരയിലെ കുപ്പിവെള്ള പ്ലാന്റ് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കമ്പനിക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കുമോ; | (ബി) | അരുവിക്കര കുപ്പിവെള്ള പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉൽപ്പാദനവും വിപണനവും അടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിനും കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) Ltd നെ ഏൽപ്പിക്കുവാൻ വാട്ടർ അതോറിറ്റി ബോർഡ് തീരുമാനമെടുക്കുകയുണ്ടായി. ആയതിന്റെ വ്യവസ്ഥകൾ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല . |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (സി) | കേരള വാട്ടർ അതോറിറ്റി പുനഃസംഘടന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പ്രൊഫ. സുശീൽഖന്നയെ കൺസൾട്ടന്റായി നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ ടേംസ് ഓഫ് റഫറൻസ് വിശദീകരിക്കാമോ? | (സി) | കേരള വാട്ടർ അതോറിറ്റി പുനഃസംഘടന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പ്രൊഫ. സുശീൽ ഖന്നയെ കൺസൾട്ടന്റായി നിയോഗിക്കാൻ കേരള വാട്ടർ അതോറിറ്റി ഉദ്ദേശിക്കുന്നില്ല . |

**സെക്ഷൻ ഓഫീസർ**